മലയാള മനോരമ www.manoramaonline.com 2020 സെപ്റ്റംബർ 29 ചൊവ്വ

മനോരമ

# ആലപ്പുഴയ്ക്ക് പച്ചക്കുടയായി മിയാവാക്കി വനം ഒരുങ്ങുന്നു

**വനം ഒരുക്കുന്നത് ആലപ്പുഴയിൽ തുടങ്ങുന്ന പോർട്ട് മ്യൂസിയത്തോട് ചേർന്ന്**

ആലപ്പുഴ ● സ്വാഭാവിക വനമാതൃക തീർക്കുക എന്ന ലക്ഷ്യത്തോടെ ലോക വ്യാപകമായി നടപ്പിലാക്കിയ മിയാവാക്കി വനം ജില്ലയിലും ഒരുക്കുന്നു. ആലപ്പുഴയിൽ ആരംഭിക്കുന്ന പോർട്ട് മ്യൂസിയത്തോട് ചേർന്നുള്ള 20 സെന്റ് സ്ഥലത്താണ് മിയാവാക്കി വനം വരുന്നത്.

കേരള ഡവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ നേതൃത്വത്തിൽ നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയും ഇൻവിസ് മൾട്ടി മീഡിയ, കൾച്ചർ ഷോപ്പി എന്നീ സ്ഥാപനങ്ങളുമാണ് വനം ഒരുക്കുന്നത്. സ്ഥലം ഒരുക്കൽ പൂർത്തിയായി. ഒക്ടോബർ ആദ്യ വാരം തൈകൾ നടും.

ഇവിടെ 100 ഇനത്തിൽപ്പെട്ട 3200 വൃക്ഷത്തൈകളാണ് നടുന്നത്. പൂവരശ്, പുന്ന, ആറ്റുവഞ്ചി, കുടംപുളി, മാവ്, അശോകം, പ്ലാവ് തുടങ്ങിയവയാണ് നടുക. ഒരു സ്ക്വയർ മീറ്ററിൽ 60 സെന്റീമീറ്റർ ഉയരത്തിലുള്ള 4 ചെടികൾ വീതമാണ് നടുക.

ഗ്രോബാഗിൽ നട്ടുവളർത്തിയെടുക്കുന്നതിനാൽ ചെടികളുടെ വേരുകൾ അതിവേഗം വളരും. മണ്ണ്, ചാണകം, ചകിരിച്ചോർ, ഉമി എന്നിവയാണ് വളമായി നൽകുക. കൂടാതെ വൈക്കോൽ ഉപയോഗിച്ച് ചെടികളുടെ അടിഭാഗം മൂടും. ഇങ്ങനെ ചെയ്യുമ്പോൾ വെള്ളം അതിവേഗം മണ്ണിൽ എത്താതെ ചെടിയുടെ ചുവട്ടിൽ ഈർപ്പം അധിക നേരം നിൽക്കും. ഇത്തരത്തിൽ 5 വർഷംകൊണ്ട് മരങ്ങൾക്ക് 30 വർഷത്തെ വളർച്ച ലഭിക്കും. കേരള യൂണിവേഴ്സിറ്റി സസ്യശാസ്ത്ര വിഭാഗം, പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, കേരള ഫോറസ്റ്റ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ വിദഗ്ധരാണ് ഇവയുടെ മേൽനോട്ടം വഹിക്കുക.



### മിയാവാക്കി വനം

സസ്യശാസ്ത്രജ്ഞനും ജപ്പാനിലെ യോക്കോഹോമ നാഷനൽ യൂണിവേഴ്സിറ്റിയിലെ പ്രഫസറുമായ ഡോ .അകിര മിയാവാക്കി 1970ൽ ആണ് ആശയം കൊണ്ടുവന്നത്. കുറഞ്ഞ കാലയളവിൽ എത്ര ചെറിയ സ്ഥലത്തും വനവൽക്കരണം നടത്തുവാനുള്ള മാതൃകയാണ് അദ്ദേഹം വികസിപ്പിച്ചെടുത്തത്. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ലോകത്ത് പലയിടങ്ങളിലായി 4 കോടിയിലധികം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. മിയാവാക്കിയിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട് വ്യക്തികളും സംഘടനകളും വനങ്ങൾ വച്ചു പിടിപ്പിക്കാൻ രംഗത്ത് എത്തുകയായിരുന്നു.